# ഇന്ദ്രപ്രസ്ഥത്തിലെ സൗഹൃദസദസ്സുകൾ

പി. ഗോവിന്ദപ്പിള്ള

'ഖസാക്കിന്റെ ഇതിഹാസം', എന്ന വിചിത്രമെങ്കിലും വിശിഷ്ടമായ ഒരാഖ്യായികയിലൂടെ മലയാള സാഹിത്യനായകരുടെ മുൻനിരയിലെത്തിയ ഓട്ടുപുലായ്ക്കൽ വേലുക്കുട്ടിമകൻ വിജയൻ(1930-2005) ഇതിഹാസപ്രസിദ്ധമായ ഹൈദരാബാദ് നഗരത്തിൽവച്ച് അന്ത്യവിട ചൊല്ലിയപ്പോൾ ആ ഇതിഹാസ ശബ്ദം തന്നെ മാധ്യമഘോഷത്തിമർപ്പുകളിൽ ഉയർന്നുകേട്ടതിൽ അത്ഭുതമില്ല. മലയാളക്കരയിൽ മറ്റൊരു സാഹിത്യകാരനും കഴിയാത്ത അളവിൽ അദ്ദേഹം കഴിഞ്ഞ നാലു പതിറ്റാണ്ടുകാലത്ത് ഭാരതീയ മാധ്യമങ്ങളിലെ നിറവും തിറവുമുള്ള സാന്നിദ്ധ്യമായിരുന്നു. വിജയന്റെ പല കൃതികളും അദ്ദേഹത്തിന്റെതന്നെ ഭാവഗീതമുതിരുന്ന ലളിതശൈലിയിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിനു പുറമെ ദേശീയ പത്രങ്ങളിലെ ഹാസ്യചിത്രങ്ങളും കുറിക്കുകൊള്ളുന്ന പംക്തികളും മലയാള സാഹിത്യകാരൻ എന്നതിനപ്പുറം അദ്ദേഹത്തെ ഭാരതീയ സാഹിത്യകാരനും നിരീക്ഷകനും ചിന്തകനുമാക്കി ഉയർത്തി.

ഈ ദേശീയാംഗീകാരത്തിലേക്കുള്ള ആദ്യത്തെ പടവുകൾ ചവിട്ടാനായി 1960-കളുടെ ആദ്യം വിജയൻ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു പംക്തിയുടെ പേർ കടമെടുത്താൽ 'ഇന്ദ്രപ്രസ്ഥ'ത്തിലെത്തിയ കാലം മുതൽ പരിചയപ്പെടാനും സൗഹൃദം പുലർത്താനും എനിക്ക് കഴിഞ്ഞത് വലിയ അനുഗ്രഹമായിട്ടാണ് ഞാൻ കരുതുന്നത്. 1950-കളിൽ ആംഗലസാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടി കോഴിക്കോട്ടെ മലബാർ ക്രിസ്ത്യൻകോളജിൽ അദ്ധ്യാപകനായി എത്തുകയും ദേശാഭിമാനി പത്രമാപ്പീസ് സന്ദർശിക്കുകയും ഇടയ്ക്കിടയ്ക്ക് ലേഖനങ്ങളോ ഹാസ്യചിത്രങ്ങളോകൊണ്ടതിനെ സഹായിക്കുകയും ചെയ്തിരുന്ന കാലം മുതലേ അദ്ദേഹവുമായി മുഖപരിചയമുണ്ടായിരുന്നു. അക്കാലത്ത് ഞാൻ പത്രാധിപരായിരുന്നില്ലെങ്കിലും എം. എൽ. എ. യും രാഷ്ട്രീയ പ്രവർത്തകനും എന്ന നിലയിൽ അവിടെ പലപ്പോഴും പോവുകയും അന്തിയുറങ്ങുകയും മറ്റും ചെയ്യാറുണ്ടായിരുന്നു. അപ്പോഴേക്കും വിജയന് വയസ്സ് മുപ്പതിനോടടുത്തെത്തിയിരുന്നെങ്കിലും ശരീരപ്രകൃതികൊണ്ട് ഒരു വിദ്യാർത്ഥിയെപ്പോലെ തോന്നിക്കുമായിരുന്നു. ചിന്താശീലനും ഒതുങ്ങിയ മട്ടുകാരനുമായിരുന്ന ആ യുവാവുമായി അടുക്കാൻ അല്പംകൂടി മുതിർന്ന എനിക്ക് എളുപ്പമായിരുന്നില്ല. അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുംവിധം, പില്ക്കാലത്തെ ആ പ്രശസ്ത സാംസ്കാരിക നായകനെ ആ ലജ്ജാശീലനായ ബാലസന്നിഭനിൽ കണ്ടെത്താനുള്ള ഉൾക്കാഴ്ച എനിക്ക് ഇല്ലായിരുന്നുതാനും.

1960-കളുടെ ആദ്യപകുതിയിൽ ഈ കാഴ്ചപ്പാടെല്ലാം മാറിമറിഞ്ഞു. കമ്യൂണിസ്റ്റ് പാർട്ടിയിലെ ഇടതു-വലതു പ്രത്യയശാസ്ത്രവിഭാഗം കൊടുമ്പിരിക്കൊണ്ട് 1964-ലെ പിളർപ്പിലേക്ക് വഴിതിരിഞ്ഞുകൊണ്ടിരുന്ന കാലം. 1962-ലെ ഇന്ത്യാ-ചൈന അതിർത്തിസംഘട്ടനം ഏഷ്യൻ രാഷ്ട്രീയത്തെത്തന്നെ കലക്കി മറിച്ച കാലം. നികിതാ ക്രൂഷ്ചേവിന്റെ അപസ്റ്റാലിനീകരണ വിവാദവും മാവോ സേ

തൂങ്ങിന്റെ പുറംതിരിഞ്ഞുള്ള നില്പും ചൈനയിലെ വൻകുതിപ്പും (Great Leap) എല്ലാം രാഷ്ട്രീയാന്തരീക്ഷത്തെ മുഖരിതമാക്കിയ കാലം. വി.കെ.കൃഷ്ണമേനോൻ മന്ത്രിസഭയ്ക്ക് പുറത്താവുകയും ഉന്നതശീർഷനായിരുന്ന ജവഹർലാൽ നെഹ്റു അധോമുഖനും രോഗിയുമായി അവശതയിലേക്ക് വഴുതിത്തുടങ്ങുകയും ചെയ്ത കാലം. കമ്യൂണിസ്റ്റ് പാർട്ടിയിൽ ആസന്നമെന്ന് തോന്നിച്ച പിളർപ്പൊഴിവാക്കാൻ അതുവരെ ഇല്ലാതിരുന്ന ചെയർമാൻസ്ഥാനം സൃഷ്ടിച്ച് എസ്. എ. ഡാങ്കേയെ പ്രതിഷ്ഠിക്കുകയും പരേതനായ അജയഘോഷിന്റെ സ്ഥാനത്ത് പാർട്ടി ജനറൽ സെക്രട്ടറിയായി ഇ. എം.എസ്. ചുമതല ഏല്ക്കുകയും ചെയ്തു. ഇ. എം. എസ്സിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സ്റ്റാഫിൽ പ്രവർത്തിക്കാൻ ഞാനും നിയോഗിക്കപ്പെട്ട് ഇന്ദ്രപ്രസ്ഥത്തിൽ എത്തിച്ചേർന്നിരുന്നു.

ഈ ഉദ്വിഗ്നകാലഘട്ടത്തിൽതന്നെയാണ് അധ്യാപകവൃത്തി ഉപേക്ഷിച്ച് പത്രപ്രവർത്തകനായി ഒ.വി. വിജയനും ഡൽഹിയിൽ എത്തിപ്പെട്ടത്. പ്രസിദ്ധമായ രാഷ്ട്രീയ ഹാസ്യ വാരിക ശങ്കേഴ്സ് വീക്ലി ആയിരുന്നു വിജയന്റെ ഉന്നം. കാർട്ടൂൺവരപ്പും എഴുത്തും. പേരുകേട്ട ആഗസ്റ്റ് വിപ്ലവ വീരനായിക അരുണാ അസഫാലിയും തലശ്ശേരിക്കാരൻ എടത്തട്ട നാരായണനും അനുജൻ വിശ്വനാഥനും ചേർന്ന് നടത്തിയിരുന്ന ലിങ്ക് വാരികയിലും പേട്രിയറ്റ് ദിനപ്പത്രത്തിലും ശങ്കേഴ്സ് വീക്ലിയിലും പ്രവേശനം ലഭിക്കാൻ വിജയന് ഒരു വിഷമവും നേരിട്ടില്ല. വിജയന്റെ അസാമാന്യ കഴിവുകൾ അതിവേഗം മനസ്സിലാക്കിയ ശങ്കറിനും എടത്തട്ടയ്ക്കും കൂടുതൽ വരുമാനവും അംഗീകാരവുമുള്ള മറ്റ് മേച്ചിൽസ്ഥലങ്ങളിലേക്ക് വിജയൻ കുടിയേറിപ്പോകുമോ എന്ന ഭയപ്പാടേ ഉണ്ടായിരുന്നുള്ളു. സൂപ്പർ എന്നപേരിൽ ശങ്കേഴ്സ് വീക്ലിയിൽ എടത്തട്ടയും, തന്റെ സ്വന്തം ലിങ്കിനും പേട്രിയറ്റിനും പുറമേ ഒരു പംക്തി കൈകാര്യം ചെയ്തിരുന്നു.

മലയാളിയായ ശങ്കരപ്പിള്ള എന്ന ശങ്കർ ഇടതുപക്ഷക്കാരനായിരുന്നല്ല. ഒരു നെഹ്റുവിയൻ ദേശീയവാദിയായിരുന്ന ശങ്കറിന് കമ്യൂണിസ്റ്റ്‌വിരുദ്ധനാകാനും കഴിയുമായിരുന്നില്ല. അങ്ങനെ ഡൽഹിയിലെത്തിയ വിജയൻ ഒരു കമ്യൂണിസ്റ്റ് ഇടതുപക്ഷ കുരുക്കിലാണ് വന്നുവീണതെങ്കിലും 1950 കളിലെ ഇടതുപക്ഷചായ്‌വ് അദ്ദേഹത്തിൽനിന്ന് സാവധാനം വാർന്നുപൊയ്ക്കൊണ്ടിരുന്നതായി സുഹൃത്തുക്കൾക്ക് തോന്നിത്തുടങ്ങി.

അന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ആസ്ഥാനം അസഫലി റോഡിൽ പ്രസിദ്ധമായ രാം ലീലാ മൈതാനത്തിന് അഭിമുഖമായി അജ്മീർഗേറ്റിനു സമീപം സ്ഥിതിചെയ്തിരുന്ന ഖന്നാ ബിൽഡിങ്ങിലെ പത്തുമുപ്പതു മുറികളായിരുന്നു. പാർട്ടിയുടെ വക പീപ്പിൾസ് പബ്ലിഷിങ് ഹൗസിന്റെ ആസ്ഥാനവും തൊട്ടടുത്തുതന്നെ. പീപ്പിൾസ് പബ്ലിഷിങ് ഹൗസിലെ ചീഫ് എഡിറ്റർ വൈപ്പിൻകരക്കാരൻ റ്റി. കെ. എൻ. മേനോനായിരുന്നു. മേനോൻ പില്ക്കാലത്ത് ഇ.എം. എസ്സിന്റെ സപ്തകക്ഷി മന്ത്രിസഭയുടെ കീഴിൽ പ്രത്യേക നിയമനപ്രകാരം പബ്ലിക് റിലേഷൻസ് ഡയറക്ടറായി പ്രവർത്തിച്ചിരുന്നു. ഞങ്ങളോടൊപ്പം കൂടാറുള്ള മറ്റൊരു പ്രധാനി കമ്യൂണിസ്റ്റ് പാർട്ടിയിലെ യുവനേതാക്കളിൽ പ്രമുഖനായിരുന്ന മോഹിത് സെൻ ആയിരുന്നു. മോഹിത് സെന്നും മേനോനും ചിലപ്പോൾ എടത്തട്ടയും ഹിന്ദുസ്ഥാൻ ടൈംസിലെ പാലക്കാട്ട് പറളി സ്വദേശി സി.പി.രാമചന്ദ്രനുമെല്ലാം പാർട്ടി ആപ്പീസിന്റെ മുൻപിലെ മനോഹരമായ പച്ചപ്പുൽമൈതാനിയിൽ ഇളംവെയിൽകൊണ്ട് സൊറ പറയുവാനും രാഷ്ട്രീയചർച്ച നടത്താനും പലപ്പോഴും ഒത്തുകൂടുക പതിവായിരുന്നു. ഈ സായാഹ്നസദസ്സുകളിൽ മാർക്സിന്റെ

'മൂലധനം' മുതൽ ഈശാവാസ്യോപനിഷത്തുവരെയും ക്രൂഷ്ചേവിന്റെ അപസ്റ്റാലിനീകരണം മുതൽ ഡാങ്കേയുടെ കോൺഗ്രസ്പ്രേമം വരെയും തോപ്പിൽഭാസിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' മുതൽ സത്യജിത് റായിയുടെ 'പാഥേർ പാഞ്ചലി'വരേയും, ബനാറസിലെ ഗംഗാതീരത്തെ തട്ടിപ്പു പാണ്ഡകൾ മുതൽ പി.റ്റി. ചാക്കോയുടെ കറുത്ത കണ്ണാടിക്കാരി സഹയാത്രികയോടൊപ്പമുള്ള പീച്ചി യാത്രവരെയും എന്തെല്ലാം എന്തെല്ലാമാണ് ചർച്ചയ്ക്കും വാഗ്വാദത്തിനും ഇടയായിട്ടുള്ളത്. മിക്കവരും ഇടതുപക്ഷത്താണെങ്കിലും മൃദുസ്വരത്തിൽ ഉറപ്പായി വിജയൻ ഭിന്നതകൾ പുറത്തിറക്കും. ചർച്ചകൾ രൂക്ഷമാകുമ്പോഴേക്കും തെളിഞ്ഞ നീലാകാശത്തിൽ പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങളെപ്പറ്റി വിജയൻ എന്തെങ്കിലും ഒരു ദാർശനിക സമസ്യ അവതരിപ്പിച്ച് വിഷയം മാറ്റും. സ്റ്റാലിനിസത്തിന്റെ കടുംപിടിയിൽനിന്ന് ക്രൂഷ്ചേവിനുപോലും രക്ഷിക്കാൻ കഴിയാത്ത ഞങ്ങളെ നേരേയാക്കാനുള്ള ശ്രമം വ്യർത്ഥമാണെന്ന് നേരേ പറയാതെ വിഷയമാറ്റത്തിലൂടെ സൂചിപ്പിക്കുകയേ വിജയൻ ചെയ്യാറുള്ളൂ.

ചിലപ്പോൾ ഞങ്ങളുടെ സദസ്സ് സൗത്ത് അവന്യുവിലെ പി. കെ. വാസുദേവൻ നായർ എം.പി.യുടെ ഫ്ളാറ്റിലേക്കു മാററും. മിക്കവാറും പി. കെ. വി. നാട്ടിലായിരിക്കുമ്പോഴാണ് അത്. ഞാനവിടെ താമസിച്ചാണ് പാർട്ടി ആപ്പീസിൽ പണിക്കു പോകാറ്. സൗത്ത് അവന്യുവിൽ അക്കാലത്ത് പ്രശസ്തികളിലേക്ക് പതുക്കെ ഉയർന്നുകൊണ്ടിരുന്ന കാക്കനാടനും എം. പി. നാരായണപിള്ളയും പ്രശസ്തിയാർജ്ജിച്ചുകഴിഞ്ഞിരുന്ന എം. മുകുന്ദനും ഉണ്ടാകും. ഈ സദസ്സിൽ രാഷ്ട്രീയം നിഷിദ്ധമായിരുന്നു. പൊതുവേ ഊന്നൽ സാഹിത്യം, സിനിമ, ചിത്രകലാപ്രദർശനം, പുതിയ പുസ്തകങ്ങൾ എന്നിവയ്ക്കായിരുന്നു. ഞാനും വിജയനും മാത്രമാകുമ്പോൾ ഞങ്ങൾ വലിയ വാദത്തിനൊന്നും ഒരുങ്ങാറില്ല. ഞങ്ങളുടെ വിനോദപരിപാടി മൂന്നെണ്ണമായിരുന്നു. ചിത്രകലാപ്രദർശനങ്ങൾ കാണുക, പുസ്തകക്കടകൾ സന്ദർശിക്കുക, ഡൽഹിയിൽ സുലഭമായ പഴയ ചരിത്രസ്മാരകങ്ങൾ പരിശോധിക്കുക. ഷാജഹാന്റെ ചുവപ്പുകോട്ട, കുത്ബുദീന്റെ കുത്തബ്മിനാർ, ഫിറോസ്ഷാ കോട്‌ലാ, ഹുമയൂൺ ശവകുടീരം, പുരാണകില എന്നിങ്ങനെ ചരിത്രം ചിതറിക്കിടക്കുകയും തലയുയർത്തിനില്ക്കുകയും ഇടിഞ്ഞുനിരങ്ങുകയും ചെയ്യുന്ന സ്ഥലങ്ങൾ എത്ര കണ്ടാലും ഞങ്ങൾക്ക് ബോറടിക്കാറില്ല. ക്രൂരനായ ഔറംഗസേബ് ലോലഹൃദയനായ തന്റെ പിതാവ് ഷാജഹാനെ ഫലത്തിൽ തടവിലിട്ടിരുന്ന മുറിയും സംസ്കാരസമ്പന്നനും ദാർശനികനുമായ സഹോദരൻ ദാരാസിഖോവിന്റെ തല താലത്തിൽ കൊണ്ടുവന്നു നീട്ടിയപ്പോൾ പതറി സിംഹാസനത്തിലേക്ക് മലർന്നുവീണ യോഗശാലയും മറ്റും കണ്ട് വിജയൻ വികാരാധീനനാകുന്നതും ചിലപ്പോൾ കണ്ണുതുടയ്ക്കുന്നതും ഇന്നലെ എന്നപോലെ ഞാനോർക്കുന്നു. ജീവിച്ചിരുന്നെങ്കിൽ ഒരുപക്ഷേ, രണ്ടാമത്തെ മഹാനായ അക്ബർ ആകുമായിരുന്ന ദാരാസിഖോയെ വേട്ടയാടി വധിച്ചത് ഔറംഗസേബിന്റെ ഉത്തരവനുസരിച്ചാണെങ്കിലും തന്റെ സിംഹാസനത്തിലിരിക്കേണ്ടിയിരുന്ന മുതിർന്ന സഹോദരൻ ദാരയുടെ മുറിച്ചെടുത്ത ശിരസ്സുകണ്ടപ്പോൾ കരിങ്കൽചങ്കനായ ഔറംഗസേബും 'ഹാ ഹതഭാഗ്യനായ ജ്യേഷ്ഠാ' എന്ന് വിളിച്ചുപോയി എന്ന് സുപ്രസിദ്ധ ഫ്രഞ്ച് ഭിഷഗ്വരൻ ബെർണിയർ തന്റെ യാത്രാവിവരണത്തിൽ എഴുതിയിരിക്കുന്നത് വിജയൻ എന്നെ ഓർമ്മിപ്പിച്ചു.

അതുപോലെ ഷാജഹാൻ ആഗ്രയിലെ ചുവപ്പുകോട്ടയിൽ തന്റെ മകൻ ഔറംഗസേബിന്റെ തടവുകാരനായി കിടന്ന് മരിച്ച മുറി. അവിടെയും ചുമരി

ലുള്ള ഒരു ചെറിയ ദ്വാരത്തിലൂടെ അങ്ങ് തന്റെ ഇഷ്ടപ്രാണേശ്വരി മുംതാസ് മഹളിന്റെ നിത്യസ്മരണയ്ക്കായി നിർമ്മിച്ച താജ്മഹൽ എന്ന വിശ്വപ്രശസ്ത വെണ്ണക്കൽ സ്വപ്നസൗധം നോക്കിക്കൊണ്ടു കിടക്കുമായിരുന്നത്രേ. അതങ്ങനെ നോക്കാനുള്ള ആ ദ്വാരമാണ് ഔറംഗസേബ് തന്റെ പിതാവിന് അനുവദിച്ചുകൊടുത്ത ഏക ആനുകൂല്യം. വിജയൻ ആ ദ്വാരത്തിലൂടെ താജ്മഹൽ നോക്കിക്കാണുകയും ഷാജഹാൻ കിടന്നിരുന്നതായി കരുതുന്ന കൽക്കട്ടിലിൽ മലർന്ന് കിടന്ന് എന്തൊക്കെയോ സ്വപ്നം കാണുകയും ചെയ്ത രംഗം ഇപ്പോഴും എന്റെ കൺമുമ്പിൽ തെളിയുന്നു. ജീവിതത്തിന്റെ ലക്ഷ്യത്തെയും മരണത്തിന്റെ അർത്ഥത്തെയുമെല്ലാം കുറിച്ച് ലേഖനങ്ങളും ആഖ്യായികകളും വിജയൻ എഴുതാൻ തുടങ്ങിയതും ആർഷശൈലിയിൽ മുടിയും താടിയും വളർത്താൻ തുടങ്ങിയതും പിന്നിട്ട കാൽനൂറ്റാണ്ടിലധികം കഴിഞ്ഞിട്ടാണെങ്കിലും ദാരാസിഖോവിന്റെ ദുരന്തവും ഷാജഹാന്റെ പീഡാനുഭവവും നേരത്തേതന്നെ ഈ സമസ്യകളുടെ വിത്ത് വിജയനിൽ വിതച്ചു കാണണം.

ചിത്രങ്ങളിൽ അന്ന് ഞങ്ങളെ ആകർഷിച്ചത് രാംകിങ്കർ, സതീഷ് ഗുജ്റാൾ, കെ.സി.എസ്. പണിക്കർ, അമൃതാ ഷെർഗിൽ തുടങ്ങിയവരുടെതായിരുന്നു. രവിവർമ്മയുടെ ചിത്രങ്ങളുടെ മുമ്പിൽ രണ്ടുനിമിഷംപോലും വിജയൻ ചെലവഴിക്കാറില്ല. അതുപോലെ അബനീന്ദ്രനാഥ് ടാഗോറിന്റെ ലളിതസുന്ദര ശൈലിയും വിജയനെ ആകർഷിച്ചില്ല. രബീന്ദ്രനാഥ്ടാഗോറിന്റെ കൂർത്തു തടിച്ച രൂക്ഷമായ വരകൾ വിജയന്റെ കാർട്ടൂണുകളെ അനുസ്മരിപ്പിക്കുന്നതിനാലാണോ എന്തോ അദ്ദേഹത്തിന് വലിയ പഥ്യമായിരുന്നു. അതുപോലെ നന്ദലാൽ ബോസിന്റെ നാടോടിശൈലിയിലുള്ള മൃഗങ്ങളും മനുഷ്യരും വിജയനെ പിടിച്ചുനിർത്തി. എനിക്ക് വളരെ ഹൃദ്യമായി തോന്നിയ രാം കിങ്കറുടെ പരുക്കൻ നഗരക്കാഴ്ചകളും റിയലിസ്റ്റ് വരപ്പുകളും കെ.പി.ജി.യുടെയും കെടാമംഗലം പപ്പുക്കുട്ടിയുടെയും കവിത പോലാണ് എന്നുപറഞ്ഞ് വിജയൻ എന്റെ ഇടതുപക്ഷഭാവുകത്വത്തെ മുറിവേല്പിക്കാതെ പരിഹസിക്കുമായിരുന്നു. ഞങ്ങൾക്ക് രണ്ടുപേർക്കും ഇഷ്ടമായത് സതീഷ് ഗുജ്റാളിന്റെ മെക്സിക്കൻശൈലിയിലുള്ള (റിവേറ, ഒറൊസ്കോം, സെക്സി റോസ് തുടങ്ങിയവരുടെ) വിപ്ലവ ചുമർചിത്രങ്ങളെ അനുസ്മരിപ്പിക്കുന്ന ചിത്രങ്ങളാണ്. മൂകനും ബധിരനുമായ സതീഷ് ഗുജ്റാൾ വിജയനിലെ സാഹിത്യകാരനെയും തട്ടിയുണർത്തിയിരിക്കാം. ഖസാക്കിന്റെ ഇതിഹാസത്തിലെ ജീവിതനിഷേധവും നിഹിലിസവും ലക്ഷ്യബോധമില്ലായ്മയും മെക്സിക്കൻ വിപ്ലവ ചിത്രകലയ്ക്ക് അന്യമാണ്. സാമൂഹിക പ്രതിബദ്ധത കലാനൈപുണിക്ക് വിഘാതമല്ലെന്നതിന് റിവേറയും ഒറൊസ്കോയും തെളിവല്ലേ എന്ന് ചോദിച്ചാൽ ആ ലക്ഷ്യബോധം അകലെയുള്ള ആത്മാവല്ലെന്നും ആവരണം മാത്രമാണെന്നുമാണ് വിജയൻ പ്രതികരിക്കുക.

ഞങ്ങളുടെ ഇന്ദ്രപ്രസ്ഥസദസ്സുകളിൽ അന്നുവരാറുള്ള മറ്റു രണ്ടുരസികന്മാർ കറന്റ് ബുക്സ് സ്ഥാപകനായ തോമസ് മുണ്ടശ്ശേരിയും വി.കെ.എന്നുമാണ്. തോമസ് അഥവാ വി.കെ.എന്നിന്റെ ഭാഷയിൽ ഇട്ടൂപ്പ് മുതലാളി, ചില ബിസിനസ്സുകാര്യങ്ങൾക്കായി വല്ലപ്പോഴും വരുന്ന ആളാണെങ്കിൽ വി.കെ.എൻ. അക്കാലത്ത് ഒരർദ്ധസർക്കാർ ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി പണിയെടുക്കുകയായിരുന്നു. ചിലപ്പോൾ സി.പി. രാമചന്ദ്രനും, ടി.കെ.എൻ. മേനോനും ഇട്ടൂപ്പ് മുതലാളിയും വി.കെ.എന്നും വിജയനും ഈയുള്ളവനും ഒത്തുചേരും. അവരുടെ ഭക്ഷണ-പാനീയ ശീലങ്ങളുമായി പൊരുത്തപ്പെടാൻ അരസികനായ

ഞാൻ ഒരധികപ്പറ്റാണെങ്കിലും തോമസും വി.കെ.എന്നും എന്നെ ഒഴിവാക്കാൻ സമ്മതിക്കില്ല. ഞങ്ങൾ കുടിക്കുന്നതിന് എരിവുണ്ട്, വർത്തമാനത്തിന് എരിവു കൂട്ടാൻ പി.ജി. കൂടി വേണം എന്നാണ് തോമസിന്റെ ന്യായം.

പക്ഷേ, ആ സദസ്സിൽ ചർച്ചകൾക്ക് വലിയ പ്രസക്തിയില്ല. കാരണം കമ്യൂണിസത്തിനും ഇടതുപക്ഷത്തിനും എതിരെ ഒരക്ഷരം മിണ്ടാൻ, പ്രത്യേകിച്ചും അല്പം മിനുങ്ങിക്കഴിഞ്ഞാൽ, തോമസ് സമ്മതിക്കില്ല. 'എന്തൂട്ടായിടോ വിജയാ തന്റെ ഒരു ക്രൂഷോവാസം? അവനൊക്കെ വെറും ശവി. അല്ലെങ്കിൽ ഇവൻ പറയട്ടെ, നാരായണൻകുട്ടി, തിരുവില്വാമലക്കാരൻ.' (നാരായണൻകുട്ടി എന്നാൽ വി.കെ.എൻ.). വി.കെ.എൻ., വിജയൻ ഉൾപ്പെടെയുള്ള ഇടതുവിമർശകരെ മുഴുവൻ മിമിക്രിചെയ്ത് പരിഹസിക്കാൻ തുടങ്ങും. നാം ചിരിക്കും. നമ്മെക്കാൾ കൂടുതൽ വി.കെ.എന്നും കുലുങ്ങി കുലുങ്ങി ചിരിക്കും. കേശവദേവ്, സുകുമാർ അഴീക്കോട്, എം. ഗോവിന്ദൻ, ആർ. ശങ്കർ, കെ. കേളപ്പൻ തുടങ്ങി അക്കാലത്ത് മാദ്ധ്യമങ്ങളിലൂടെ ഇടതുപക്ഷത്തെ വിമർശിക്കുന്നവരെ മുഴുവൻ അനുകരിച്ചും പരിഹസിച്ചും വി.കെ.എൻ. സദസ്സ് പിടിച്ചടക്കും. അതിനിടയ്ക്ക് അവർക്ക് മറുപടി പറയുന്ന ഇ.എം.എസ്., കെ. ദാമോദരൻ തുടങ്ങിയവരെയും അല്പം മധുരം പുരട്ടിയ സ്വരത്തിൽ വി.കെ.എൻ. അനുകരിക്കും. വിജയൻ ഈ ചിരികളിൽ അത്ര പങ്കെടുക്കാതെ വിദൂരതയിൽ ദൃഷ്ടിപായിച്ച് ഈ വിവരദോഷികളുടെ ലാഘവബുദ്ധിയെക്കുറിച്ച് ധ്യാനിച്ചും എന്റെ നേരെ നോക്കി കണ്ണിറുക്കിയും സമയം പോക്കും.

1964-ൽ പാർട്ടി പിളരുന്നതോടെ എന്നെ ഇ.എം.എസും., എ.കെ.ജി.യും നാട്ടിലേക്ക് വിളിച്ചു. അങ്ങനെ ഡൽഹിപ്രവാസത്തിന്റെ ഒരു പർവം അവസാനിച്ചു. എങ്കിലും വിജയനുമായി എഴുത്തുകുത്ത് തുടർന്നു. നാട്ടിൽ വരുമ്പോൾ അദ്ദേഹം സ്നേഹപൂർവ്വം എന്നെ അന്വേഷിക്കുകയും അതിനകം ദേശാഭിമാനിയുടെ പത്രാധിപത്യം ഏറ്റെടുത്ത എന്നെക്കാണാൻ ആപ്പീസിൽ വരികയും ചെയ്തു. ഞാൻ ഇതിനിടയിൽ —ചൈനീസ് ചാരൻ— എന്ന മുദ്രകുത്തി രണ്ടു വർഷം ജയിലിലും നിയമസഭാ മെമ്പറായി രണ്ടുകൊല്ലം തിരുവനന്തപുരത്തും കഴിച്ചുകൂട്ടി. 1969-ൽ 'ഖസാക്കിന്റെ ഇതിഹാസം' പ്രസിദ്ധീകൃതമായതോടെ വിജയന്റെ രാഷ്ട്രീയം വ്യക്തമായി മറുപുറത്തായി. പുസ്തകത്തെ അക്കാലത്ത് രൂപം കൊണ്ട ദേശാഭിമാനി സ്റ്റഡിസർക്കിൾ യോഗങ്ങളിൽ നിശിതമായി വിമർശിച്ചു വന്നു.

1970-കളിൽ ശക്തിയാർജിച്ച സ്റ്റഡി സർക്കിൾ യോഗങ്ങളിൽ ഒരു മുഖ്യ ശരവ്യം വിജയനായിരുന്നു. വിജയനുമായി വീണ്ടും പഴയ സൗഹൃദം പുനഃസ്ഥാപിച്ചത് 1975-ൽ അടിയന്തരാവസ്ഥയ്ക്കെതിരെ ധീരവും ആദർശനിഷ്ഠവുമായ നിലപാട് വിജയൻ സ്വീകരിച്ചപ്പോഴാണ്. ഞാൻ അക്കാലത്ത് പലതവണ വിജയനെ സന്ദർശിക്കാറുണ്ടായിരുന്നുവെങ്കിലും രാഷ്ട്രീയമായി അദ്ദേഹം അകലുകയായിരുന്നു. എന്നാൽ മനുഷ്യാവകാശലംഘനം, പരിസ്ഥിതിനശീകരണം, യുദ്ധവിരോധം, പൗരസ്വാതന്ത്ര്യസംരക്ഷണം മുതലായ കാര്യങ്ങളിൽ അദ്ദേഹം അന്ത്യശ്വാസംവരെ വിട്ടുവീഴ്ചയില്ലാതെ പോരാടി. വിജയന്റെ 'ധർമ്മപുരാണം' ജുഗുപ്സാവഹമായ പദപ്രയോഗങ്ങളും കഥാസന്ദർഭങ്ങളുംകൊണ്ട് മലീമസമാണെങ്കിലും അടിയന്തരാവസ്ഥ എന്ന നികൃഷ്ടവും ദുഷ്ടവും ഭീകരവുമായ ഒരവസ്ഥയോടു വികാരലോലനും ആദർശനിഷ്ഠനുമായ ഒരു കലാകാരന്റെ അണപൊട്ടിയൊഴുകിയ രോഷപ്രകടനം എന്ന നിലയിൽ ക്ഷന്തവ്യമാണ്.

## ഒ.വി. വിജയൻ

ഓർമപ്പുസ്തകം

1980–കളായപ്പോഴേക്കും ആത്മീയതയിലേക്ക് വിജയൻ ഉയർന്നു കയറുകയോ വഴുതിവീഴുകയോ ചെയ്തു. ഈ വിഷയങ്ങളെക്കുറിച്ചും ഞങ്ങൾ തമ്മിൽ അവസരം കിട്ടുമ്പോഴെല്ലാം വിവാദം നടത്താറുണ്ട്. ചൈനയിലെ ടിയാനെൻമെൻ സ്ക്വയറിലെ 1988–ലെ സംഭവത്തെക്കുറിച്ച് പാർട്ടിനടപടികളെ ക്ഷണിച്ചുവരുത്തിയ ഒരു പരാമർശം ഞാൻ നടത്തി. അതിനെ മുൻനിറുത്തി വിജയൻ എന്നെ അനുകൂലിക്കുന്നവിധം രണ്ടുമൂന്നു കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അവയുടെ സന്ദേശത്തോട് ഞാൻ വിയോജിക്കുന്നു. എങ്കിലും അതിൽ വിജയൻ പ്രകടിപ്പിച്ച സ്നേഹവായ്പ് ഞാൻ മറക്കുന്നില്ല. എന്റെ രൂക്ഷമായ വിമർശനങ്ങൾ പുഷ്പവർഷങ്ങളാണ് എന്നദ്ദേഹം പറഞ്ഞത് ഞാനോർക്കുന്നു. അത് പ്രശംസയോണോ പരിഹാസമാണോ എന്ന് എനിക്കിനിയും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തുക്കളിൽ അഗ്രിമനായ ഒ.വി. വിജയന്റെ സ്മരണയ്ക്കുമുമ്പിൽ ഏതാനും കണ്ണീരിൽ കുതിർന്ന ചെമ്പരത്തിപ്പൂക്കൾ അർപ്പിക്കട്ടെ.

*(മലയാളം വാരിക, ഏപ്രിൽ 8, 2005)*